(ഡി) പരിശോധിക്കുകയുണ്ടായി, പക്ഷേ ചെന്നൈ മെട്രോയ്ക്ക് വിതരണം നൽകിയ നിരക്ക് ലഭ്യമല്ല.

കൊച്ചി മെട്രോ പ്രോജക്ടിന് റോളിംഗ് സ്റ്റോക്ക് സംഭരിക്കുന്ന ചുമതല ഡി.എം.ആർ.സി.ക്കാണ്. കൊച്ചിൻ മെട്രോ കോച്ചുകളുടെ സംഭരണവില ബാംഗ്ലൂർ മെട്രോയ്ക്ക് വിതരണം ചെയ്ത വിലയെക്കാൾ മൊത്തത്തിൽ 27.98% കുറവോ അഥവാ കോച്ച് 1-ന് 3,52 കോടി രൂപ കുറവോ ആണ് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

റെയിൽവേ വികസനത്തിന് നടപടി

77 (417) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ അടിയന്തര ശ്രദ്ധപതിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വികസനക്കാര്യത്തിൽ മുൻഗണന നൽകേണ്ട പദ്ധതികളെ സംബന്ധിച്ച് നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിവരം വ്യക്തമാക്കുമോ ;

(സി) സ്ഥല സൗകര്യം ലഭ്യമായ സ്റ്റേഷനുകളുടെ വികസനത്തിനു മുൻഗണന നൽകുന്നകാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15 -ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ 30-5-2014-ലെ ബഹു. മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു.

തുടർന്ന് 9-7-2014-ന് അവതരിപ്പിക്കപ്പെടുന്ന റെയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽപറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റെയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു. എം.പി. മാരോടും റെയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും തുടർന്ന് 2015-16-ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റ നിർദ്ദേശങ്ങൾ കൂടി ബഹു. എം.പി. മാരോട് ആവശ്യപ്പെട്ടതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അവ പരിഗണിച്ച് ആവശ്യമായ തുകകൾ വകയിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിശദമായ മെമ്മോറാണ്ടത്തിന്റെ കരട് തയ്യാറാക്കുകയും ടി മെമ്മോറാണ്ടം 19-11-2014-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന എം.പി.മാരുടെ യോഗത്തിൽ വച്ച് ആദ്യ അജണ്ടാ വിഷയമായി ചർച്ച ചെയ്യുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ മെമ്മോറാണ്ടം 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അവ ഉൾപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകുവാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി വിശദമായ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സത്വര നടപടി സ്വീകരിച്ചുവരുന്നു.

(സി) മുൻഗണന നൽകുന്നുണ്ട്. ഇതനുസരിച്ച് കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367- രൂപ റെയിൽവേയ്ക്ക് ഈ സാമ്പത്തിക വർഷം (2014-15) നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly